(ബി) പത്താം തരത്തിലെ മൂല്യനിർണ്ണയം മൂന്ന് പാർട്ടുകളായാണ് നടത്തുന്നത്.

പാർട്ട് I വൈജ്ഞാനിക മേഖലയിലെ വിലയിരുത്തൽ

പാർട്ട് II സഹവൈജ്ഞാനിക മേഖലയിലെ വിലയിരുത്തൽ

പാർട്ട് III പഠിതാവിന്റെ വ്യക്തിത്വ വികസനവും സാമൂഹ്യപരവുമായ മേഖലയിലെ വിലയിരുത്തൽ.

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) 2005 മാർച്ച് മാസത്തിലെ എസ്.എസ്.എൽ.സി. പരീക്ഷ മുതൽ.

(ഡി) ഇതിനാവശ്യമായ അദ്ധ്യാപക പരിശീലന പരിപാടി സമയബന്ധിതമായി നടത്തുന്നതാണ്.

(ഇ) ഉണ്ട്. രക്ഷാകർത്താക്കൾക്കായുള്ള ബോധവൽക്കരണ പരിപാടികളും ത്രിതല പഞ്ചായത്ത് അധികാരികൾക്കുള്ള ബോധവൽക്കരണ പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

സർവ്വകലാശാലകളിലെ കോഴ്സ് ലാഗിംഗ്

*5 [125] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:
„ ഇ. എം. അഗസ്തി:
„ ലൂഡി ലൂയിസ്:
„ പ്രയാർ ഗോപാലകൃഷ്ണൻ:
„ എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം സർവ്വകലാശാലകളിൽ എന്തെല്ലാം കോഴ്സുകൾക്ക് സെമസ്റ്റർ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) ഇതിൽ ഏതെല്ലാം സർവ്വകലാശാലകൾ നടത്തുന്ന കോഴ്സുകൾക്ക് കോഴ്സ് ലാഗിംഗ് ഉണ്ടായിട്ടുണ്ട്;

(സി) ഈ ലാഗിംഗ് വിദ്യാർത്ഥികളെ ഏതു വിധമാണ് ബാധിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കോഴ്സ് ലാഗിംഗ് അവസാനിപ്പിച്ച് കോഴ്സുകൾ ക്രമവൽക്കരിക്കുവാൻ എന്തെല്ലാം നടപടികളെടുക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.††

(ബി) കേരള സർവ്വകലാശാലയുടെ ചില കോഴ്സുകൾക്കും കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ ബി.ടെക്. കോഴ്സുകൾക്കും, കോഴിക്കോട് സർവ്വകലാശാലയുടെ പി.ജി. കോഴ്സുകൾക്കും എം.ജി. സർവ്വകലാശാലയുടെ മിക്ക കോഴ്സുകൾക്കും ലാഗിംഗ് ഉള്ളതായി ബന്ധപ്പെട്ട സർവ്വകലാശാല രജിസ്ട്രാർമാർ അറിയിച്ചിട്ടുണ്ട്.

† അനുബന്ധം I
†† അനുബന്ധം I.

LIBRARY ARCHIVES Kerala Legislative Assembly

(സി) കോഴ്സ് ലാഗിംഗ് മൂലം കോഴ്സുകൾ യഥാസമയം പൂർത്തീകരിക്കാതെ വരികയും ആയത് വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനെയും തൊഴിൽ സാദ്ധ്യതയെയും സാരമായി ബാധിക്കുകയും ചെയ്യുന്നു.

(ഡി) സമയബന്ധിതമായി കോഴ്സുകൾ നടത്തുന്നതിനും പരീക്ഷകൾ യഥാസമയം നടക്കത്തക്കവിധത്തിൽ പരീക്ഷാ കലണ്ടറുകൾ തയ്യാറാക്കിയും കോഴ്സ് ലാഗിംഗ് തടയാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി സർവ്വകലാശാല രജിസ്ട്രാർമാർ അറിയിച്ചിട്ടുണ്ട്.

തോട്ടങ്ങൾ തുടങ്ങുന്നതിനായി പാട്ടവ്യവസ്ഥയിൽ നൽകിയ ഭൂമി

*6 [126] ശ്രീ. പി. നാരായണൻ:
,, കെ. പി. രാജേന്ദ്രൻ:
,, ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹെക്ടർ റവന്യൂ പുറംപോക്കുഭൂമി തോട്ടങ്ങൾ തുടങ്ങുന്നതിനായി പാട്ടവ്യവസ്ഥയിൽ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കുമാണ് തോട്ടങ്ങൾ നടത്തുന്നതിനായി പാട്ടവ്യവസ്ഥയിൽ ഭൂമി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) പാട്ടക്കരാറിലെ പ്രധാന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) കരാർ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഉടമകൾ തങ്ങളുടെ തോട്ടങ്ങൾ അടച്ചുപൂട്ടിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ പാട്ടക്കരാർ വ്യവസ്ഥകൾ ലംഘിച്ചിട്ടുള്ള ഉടമകൾക്കെതിരെ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) സംസ്ഥാനത്ത് കൊല്ലം, പത്തനംതിട്ട, ഇടുക്കി, കോട്ടയം, വയനാട്, കണ്ണൂർ ജില്ലകളിലായി 32950.7139 ഹെക്ടർ റവന്യൂ പുറമ്പോക്ക് ഭൂമി തോട്ടങ്ങൾ തുടങ്ങുന്നതിനായി പാട്ടവ്യവസ്ഥയിൽ നൽകിയിട്ടുണ്ട്.

(ബി) പാട്ടവ്യവസ്ഥയിൽ വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും ഭൂമി നൽകിയതിന്റെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

കൊല്ലം

ബി.ബി. റബ്ബർ എസ്റ്റേറ്റ് ഉടമ—ശ്രീ. ഉമ്മൻജോർജ്ജ് മുതൽ പേർക്ക്.

പത്തനംതിട്ട

സ്ഥാപനങ്ങൾ:

(1) എൻ.എസ്.എസ്. എസ്റ്റേറ്റ്, നൂറോക്കാട്, കൊല്ലമുള്ള, റാന്നി
(2) വേളിമല റബ്ബർ കമ്പനി, ചിറ്റാർ, സീതത്തോട്, റാന്നി

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[27-1-2004-ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *5 (125) -ന്റെ ഉത്തരം ദയവായി കാണുക.]

കേരളത്തിലെ വിവിധ സർവ്വകലാശാലകൾ സെമസ്റ്റർ സമ്പ്രദായത്തിൽ നടത്തുന്ന കോഴ്സുകളുടെ വിവരം:

	സർവ്വകലാശാല	കോഴ്സ്
	(1)	(2)
1.	കേരള	1. ബി.ടെക് (1997 മുതൽ) 2. ബി.ആർക്ക്. (2004 മുതൽ) 3. എം.ബി.ബി.എസ്. (1997 മുതൽ) 4. എൽ.എൽ.എം. (2001 മുതൽ) 5. എൽ.എൽ.ബി. (5 വർഷം) (2002 മുതൽ) 6. എം.ബി.എൽ. (2003 മുതൽ) 7. എല്ലാ തൊഴിലധിഷ്ഠിത ഡിഗ്രി കോഴ്സുകൾ (1996 മുതൽ) 8. റീ സ്ട്രക്ച്ചേർഡ് ഡിഗ്രി കോഴ്സുകൾ (1998 മുതൽ) ഇതു കൂടാതെ സർവ്വകലാശാലയുടെ കീഴിലുള്ള പഠന ഗവേഷണ വകുപ്പുകളിൽ ബിരുദാനന്തര ബിരുദ തലത്തിൽ 1995 മുതലും അഫിലിയേറ്റഡ് കോളേജുകളിൽ 2001 മുതലും സെമസ്റ്റർ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്.
2.	കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല	കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല നടത്തുന്ന സർട്ടിഫിക്കറ്റ് ഡിപ്ലോമ, പി.എച്ച്.ഡി. എന്നിവ ഒഴികെയുള്ള എല്ലാ കോഴ്സുകൾക്കും സെമസ്റ്റർ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്.
3.	കോഴിക്കോട്	അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ നടത്തുന്ന ബിരുദാനന്തര ബിരുദ കോഴ്സുകൾ, സർവ്വകലാശാല നേരിട്ട് നടത്തുന്ന എം.എസ്സി. പാരാ മെഡിക്കൽ, ബി.എസ്സി. (സെൽഫ് ഫൈനാൻസിംഗ്) കോഴ്സുകൾ, എം.സി.എ., എം.സി.ജെ., എം.ബി.എ., എം.ടെക്., ബി.ടെക്., എം.ബി.ബി.എസ്. കോഴ്സുകൾ.
4.	കാലടി സംസ്കൃത സർവ്വകലാശാല	1. ബി.എ. (ഡാൻസ്) 2. ബി.എ. (മ്യൂസിക്) 3. ബി.എ. (സംസ്കൃതം) 4. ബി.എഫ്.എ. കൂടാതെ എല്ലാ ബിരുദാനന്തര ബിരുദ കോഴ്സുകളും.
5.	കണ്ണൂർ സർവ്വകലാശാല	1. എല്ലാ ബിരുദാനന്തര ബിരുദ കോഴ്സുകളും 2. ബി.ടെക്. കോഴ്സുകൾ 3. എം.സി.എ. 4. അപ്ലൈഡ് സയൻസ് കോളേജുകളിൽ നടത്തുന്ന ബി.എസ്സി. കോഴ്സുകൾ.

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
6. മഹാത്മാഗാന്ധി സർവ്വകലാശാല	1. മോഡൽ ബി.എ., ബി.എസ്സി., ബി.കോം. (വോക്കേഷണൽ) 2. ബി.എസ്സി. (ഐ.റ്റി.) 3. എം.എസ്സി. (ഐ.റ്റി.) 4. യു.ജി.സി. (സ്പോൺസേർഡ് ബി.എ., ബി.എസ്സി., ബി.കോം.) 5. ഡിപ്പാർട്ടുമെന്റുകളുടെ എം.എ., എം.എസ്സി. 6. എഞ്ചിനീയറിംഗ് കോഴ്സുകൾ 7. എം.ബി.എ., ബീ.ബി.എ. 8. എം.സി.എ., ബി.സി.എ. 9. ബി.ബി.എം. 10. ബി.എസ്സി. (ഇലക്ട്രോണിക്സ്) 11. ബി.എസ്സി. (കമ്പ്യൂട്ടർ സയൻസ്) 12. എൽ.എൽ.ബി., എൽ.എൽ.എം. 13. എം.എസ്സി. (കമ്പ്യൂട്ടർ സയൻസ്) 14. എം.എസ്സി. (ബയോടെക്നോളജി) 15. എം.എസ്സി. (മൈക്രോ ബയോളജി) 16. എം.എസ്സി. (ബയോ കെമിസ്ട്രി) 17. എം.എ., എം.എസ്സി., എം.കോം. (റെഗുലർ കോഴ്സുകൾ) 18. എം.എഡ്.

അനുബന്ധം III

[27-1-2004-ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *13 (133) -ന്റെ ഉത്തരം ദയവായി കാണുക.]

വിഭാഗം	ഘട്ടം/വർഷം	നിർമ്മാണ പുരോഗതി
ഹെവി മെയിന്റനൻസ്	1-ാം വർഷം	340 കി. മീ. റോഡുപണികൾ (13 റോഡുകൾ) പൂർത്തിയായി.
	2-ാം വർഷം	330 കി. മീ. റോഡുകളുടെ (13 റോഡുകൾ) പണികൾ പുരോഗമിച്ചുവരുന്നു.
	3-ാം വർഷം	330 കി. മീ. റോഡുകളുടെ (13 റോഡുകൾ) പണിക്കുള്ള ദർഘാസുകൾ ക്ഷണിക്കുന്നതിനുള്ള നടപടി പൂർത്തിയായി വരികയാണ്.
അപ്ഗ്രഡേഷൻ	1-ാം ഘട്ടം	254 കി. മീ. റോഡുകളുടെ പണികൾ ആരംഭിച്ചു കഴിഞ്ഞു.
	2-ാം ഘട്ടം	336 കി. മീ. റോഡുകളുടെ പണിക്കുള്ള ദർഘാസുകൾ പൂർത്തിയായി വരികയാണ്.
ജലപാത	1-ാം ഘട്ടം	73 കി. മീ. ജലപാതയുടെ വികസന ജോലികൾ പുരോഗമിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly